# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 6687 | 01-11-2011-ൽ മറുപടിയ്ക്ക് |

## കുടിവെള്ള സ്രോതസ്സുകളിലെ മാലിന്യങ്ങൾ

| | |
|---|---|
| ചോദ്യം : ശ്രീ.മുല്ലക്കര രത്നാകരൻ | ഉത്തരം: ശ്രീ.പി.ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ജനങ്ങൾ ഉപയോഗിച്ചു വരുന്ന കിണർവെള്ളം, കുളങ്ങളിലെ വെള്ളം എന്നിവയിൽ മാലിന്യത്തിന്റെ തോത് വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) കുടിവെള്ള സ്രോതസ്സുകൾ മലിനപ്പെടുന്നത് സംബന്ധിച്ച് എന്തെങ്കിലും ശാസ്ത്രീയമായ പഠനങ്ങൾ നടത്തിയിട്ടുണ്ടോ;<br><br>(സി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;<br><br>(ഡി) ഇല്ലെങ്കിൽ അടിയന്തിരമായി ഇക്കാര്യം സംബന്ധിച്ച് പഠിക്കുന്നതിന് വിദഗ്ധ കമ്മിറ്റിയെ നിയോഗിക്കുമോ? | (ബി) യും (സി) യും (ഡി) യും<br>സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് സംസ്ഥാനത്തെ വിവിധ കായലുകളുടെയും, നാല് റിസർവോയറുകളുടെയും ഒരു പോൺഡ് സ്റ്റേഷന്റെയും ജലത്തിന്റെ സാമ്പിൾ ശേഖരിച്ച് ഗുണനിലവാരം പരിശോധിച്ചു വരുന്നു. കൂടാതെ സംസ്ഥാന വ്യാപകമായി ബോട്ടിൽഡ് വാട്ടർ, കിണർ വെള്ളം, കുളങ്ങൾ, ടാപ്പ് വാട്ടർ എന്നിവയുടെ 150-ൽപ്പരം സാമ്പിളുകളും മോണിറ്റർ ചെയ്യുന്നുണ്ട്. സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നടത്തിയ പഠനങ്ങളിൽ ജലാശയ സ്രോതസ്സുകളിൽ കോളിഫോം ബാക്ടീരിയയുടെ വർദ്ധിച്ച സാന്നിദ്ധ്യം കണ്ടിട്ടുണ്ട്. മാലിന്യ ഘടകങ്ങളുടെ പരിധി അധികമാകുന്ന അവസരങ്ങളിൽ മലിനീകരണ നിയന്ത്രണ ബോർഡ് ബന്ധപ്പെട്ടവരെ ഇക്കാര്യം അറിയിക്കാറുണ്ട്. കേന്ദ്രസർക്കാരിന്റെ ധനസഹായത്തോടെ സംസ്ഥാനത്തെ 44 നദികളിലെ വെള്ളത്തിന്റെ മലിനീകരണതോത് ശാസ്ത്രീയമായി പഠിക്കാനുള്ള ഒരു പദ്ധതി കേരള ജല അതോറിറ്റി ഏറ്റെടുത്തു നടപ്പാക്കി വരുന്നു. കൂടാതെ കേന്ദ്ര സർക്കാരിന്റെ ഫണ്ടുപയോഗിച്ച് തന്നെ 200 ആളുകൾക്ക് ഒരു സാമ്പിൾ എന്ന കണക്കിന് ഗ്രാമീണ കുടിവെള്ള സ്രോതസ്സുകളിൽ നിന്നുള്ള വെള്ളം പരിശോധിച്ച് മലിനീകരണത്തോത് കണ്ടെത്തുന്നതിനുള്ള ഒരു പദ്ധതിയും വർഷം തോറും നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ